<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3079**</u> <u>**25-06-2024 - ല്‍ മറുപടിയ്ക്ക്**</u>

<u>**ട്രോളിംഗ് കാലത്ത് മത്സ്യതൊഴിലാളികള്‍ക്ക് നല്‍കുന്ന ധനസഹായം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. എം. കെ. മുനീര്‍** | | **ശ്രീ സജി ചെറിയാന്‍**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവില്‍ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവില്‍ തൊഴില്‍ നഷ്ടപ്പെടുന്ന യന്ത്രവല്‍കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികള്‍ക്കും, അനുബന്ധ തൊഴിലാളികള്‍ക്കും, പീലിംഗ് തൊഴിലാളികള്‍ക്കും സൗജന്യ റേഷന്‍ നല്‍കുന്നതിന് ഭരണാനുമതി നല്‍കി ഉത്തരവായിട്ടുണ്ട്. സൗജന്യ റേഷന്‍ നല്‍കുന്നതിനാവശ്യമായ നടപടികള്‍ ജില്ലാതലത്തില്‍ സ്വീകരിച്ചിട്ടുണ്ട്.<br>പഞ്ഞമാസക്കാലമായ ട്രോള്‍ ബാന്‍ കാലത്ത് തൊഴില്‍ നഷ്ടപ്പെടുന്ന യന്ത്രവല്‍കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോര്‍ഡില്‍ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികള്‍ക്കും, അനുബന്ധ തൊഴിലാളികള്‍ക്കും 4500/- രൂപ ധനസഹായം നല്‍കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതില്‍ 1500/- രൂപ കേന്ദ്ര സര്‍ക്കാര്‍ വിഹിതവും, 1500/- രൂപ സംസ്ഥാന സര്‍ക്കാര്‍ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതില്‍ മേയ് മാസം നല്‍കേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളില്‍ ആയത് വിതരണം ചെയ്തു വരുകയും ചെയ്യുന്നു. ബാക്കി തുക ജൂണ്‍, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ട്രോളിംഗ് കാലത്ത് മത്സ്യത്തൊഴിലാളികള്‍ക്ക് നല്‍കി വരുന്ന സാമ്പത്തിക സഹായം വര്‍ദ്ധിപ്പിച്ച് നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ് |

സെക്ഷന്‍ ഓഫീസര്‍